**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6123** **09-07-2013 -ൽ മറുപടിക്ക്**

**മദ്യം സ്റ്റോക്ക് ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനും ലൈസൻസ്**

ചോദ്യം:

ശ്രീ.രാജു എബ്രഹാം

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ എത്ര എക്സൈസുകൾക്ക് മദ്യം സ്റ്റോക്ക് ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനും ലൈസൻസ് നൽകിയിട്ടുണ്ട്;അവയുടെ പേര് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മദ്യം സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്ന മൂന്ന് എഫ്.എൽ.9 വെയർഹൗസുകൾ, അയർകുന്നം, കല്പറ്റ, ബാലരാമപുരം എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോൾ സർക്കാർ ബാർ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; ഇപ്പോൾ എത്രയായാണ് വർദ്ധിപ്പിച്ചിട്ടുളളത്; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഒരു പ്രാവശ്യം ബാർ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. 22 ലക്ഷം രൂപയിൽ നിന്നും 23 ലക്ഷം രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. |
| (സി) | മദ്യ ഉപഭോഗം കുറയ്ക്കുന്നതിനായി ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിനു പകരം ഇവയുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | വിദേശമദ്യ ചട്ടം അനുസരിച്ചാണ് ബാർ ലൈസൻസുകൾ നൽകുന്നത്. മുൻ കാലങ്ങളിൽ, മൂന്ന് സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് ലഭിക്കാൻ അർഹതയുണ്ടായിരുന്നു. എന്നാൽ, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, 4 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായി ബാർ ലൈസൻസ് അനുവദിക്കുന്നതിന്, ബന്ധപ്പെട്ട നിയമങ്ങളിൽ ചില നിയന്ത്രണങ്ങൾ സർക്കാർ കൊണ്ടുവന്നു. എന്നാൽ, ബഹു. സുപ്രീം കോടതിയുടെയും, ഹൈക്കോടതിയുടെയും വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത നിയന്ത്രണങ്ങളിൽ അയവ് വരുത്തി ചില ബാർ ലൈസൻസുകൾ അനുവദിക്കാൻ സർക്കാർ നിർബ്ബന്ധിതമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ